**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5298** **21-03-2025 - ൽ മറുപടിയ്ക്ക്**

**'സ്നേഹപൂർവ്വം' പദ്ധതിയുടെ കുടിശ്ശിക വിതരണം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സി. ആർ. മഹേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മാതാപിതാക്കളിൽ ആരെങ്കിലുമോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതിയായ 'സ്നേഹപൂർവ്വം' പദ്ധതിയുടെ 2024-25 ലെ പദ്ധതിവിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ; | (എ) | 2024-2025 സാമ്പത്തിക വർഷം 17.39 കോടി രൂപയാണ് സ്നേഹപൂർവ്വം പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. എന്നാൽ വിവിധ പദ്ധതികൾക്ക് പദ്ധതിവിഹിതത്തിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതുമായി ബന്ധപ്പെട്ട്, ബജറ്റ് വിഹിതം പുന:ക്രമീകരണം നടത്തിയപ്പോൾ സ്നേഹപൂർവ്വം പദ്ധതിയ്ക്ക് 13.91 കോടി രൂപ ചെലവഴിക്കാനാണ് ഭരണാനുമതി നല്കിയിട്ടുള്ളത്. അതിൽ ആദ്യഗഡുവായി അനുവദിച്ച 12.91 കോടി രൂപ വിനിയോഗിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് ബാങ്കുവഴി ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക വെട്ടിക്കുറച്ച നടപടി പിൻവലിച്ചുകൊണ്ട് അർഹതപ്പെട്ട എല്ലാവർക്കും കുടിശിക കൂടാതെ ധനസഹായം വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | 2024-2025 സാമ്പത്തിക വർഷം 17.39 കോടി രൂപയാണ് സ്നേഹപൂർവ്വം പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. എന്നാൽ വിവിധ പദ്ധതികൾക്ക് പദ്ധതിവിഹിതത്തിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതുമായി ബന്ധപ്പെട്ട്, ബജറ്റ് വിഹിതം പുന:ക്രമീകരണം നടത്തിയപ്പോൾ സ്നേഹപൂർവ്വം പദ്ധതിയ്ക്ക് 13.91 കോടി രൂപ ചെലവഴിക്കാനാണ് ഭരണാനുമതി നല്കിയിട്ടുള്ളത്. അതിൽ ആദ്യഗഡുവായി അനുവദിച്ച 12.91 കോടി രൂപ വിനിയോഗിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് ബാങ്കുവഴി ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ